## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2381 05.02.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് സ്കൂളുകളിൽ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.<br>കായിക വകുപ്പ് ഏറ്റെടുത്തിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. രണ്ടു സ്കൂളുകളിലും ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>ടി സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്റർ ആക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി എന്നിവ |
| (ബി) | സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതി സർക്കാർ നടത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.<br>കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അധ്യാപകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണം നടന്നുവരുന്നു. സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**